# Malayala Manorama

# 19 August 2018

# Chengannur, Flood, Lack of Security Plan



# പാഠമാകണം, ഈ പ്രളയം

ചെങ്ങന്നൂർ • അഞ്ചാം ദിവസവും രക്ഷാമാർഗം തുറന്നുകിട്ടാതെ പമ്പാതടത്തിലെ വീടുകളിലും വീടിനു മുകളിലും ഒറ്റപ്പെട്ട് ആയിരങ്ങൾ. ഇതുപോലൊരു ദുരന്തത്തെ നേരിടാനുള്ള ഏകോപിതവും സമഗ്രവുമായ സുരക്ഷാ പദ്ധതിയുടെ അഭാവമാണ് പമ്പാതടത്തിലെ പ്രളയം മലയാളിക്കു നൽകുന്ന പാഠം. ചെങ്ങന്നൂരിലെയും കുട്ടനാട്ടിലെയും ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കാനുള്ള പ്രവർത്തനം കൃത്യസമയത്ത് വേണ്ടപോലെ ഏകോപിപ്പിക്കാനായില്ല.

ജില്ലതിരിച്ച് സ്പെഷൽ ഓഫിസറും ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വം നൽകലും പ്രശ്നമായി. പമ്പാതടത്തിനാകെ ഒരു മന്ത്രിയുടെ നേതൃത്വത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ മുൻപരിചയമുള്ള മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥർ, വിവിധ സേനാവിഭാഗങ്ങളെ നിയന്ത്രിക്കാനും നിർദേശം നൽകാനും അധികാരമുള്ള ഉദ്യോഗസ്ഥൻ, ഐടി ഇടപെടലുകൾക്ക് നേതൃത്വം നൽകാൻ കഴിയുന്നയാൾ, കാലാവസ്ഥാ വിദഗ്ധൻ, സമാന സാഹചര്യം നേരിടുന്ന ജില്ലകളിലെ കലക്ടർമാർ എന്നിങ്ങനെയുള്ളവർ ഉൾപ്പെട്ട ദൗത്യസംഘം വേണ്ടിയിരുന്നുവെന്ന് പറയുന്നവർ ഒട്ടേറെപ്പേരുണ്ട്.

**■ സുരക്ഷാപദ്ധതിയുടെ അഭാവം ദുരന്തത്തിന്റെ വ്യാപ്തി കൂട്ടി**

അണക്കെട്ടു തുറക്കുംമുൻപേ എത്രയും വേഗത്തിൽ അങ്ങനെയൊരു സംവിധാനമുണ്ടാകേണ്ടിയിരുന്നു. അണക്കെട്ടു തുറന്ന് ദുരന്തം ഉണ്ടാകുമെന്നു ബോധ്യമായ സമയത്തെങ്കിലും അത്തരമൊരു ഇടപെടൽ വേണ്ടിയിരുന്നു.

പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിൽ കുടുങ്ങിയ രോഗികളെ രക്ഷിക്കാനെത്തിയ നാവികസേനാ സംഘം ആലപ്പുഴ കലക്ടറുടെ മറുപടിക്കായി കാത്തുനിന്നതുപോലുള്ള സംഭവങ്ങളുണ്ടായി. ചെങ്ങന്നൂരിലെ ദുരന്ത നിവാരണത്തിനെത്തിയ സംഘം അടൂരിൽ മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങളിലേർപ്പെടുന്ന ബോട്ടുകൾക്കും വാഹനങ്ങൾക്കും യഥാസമയം ഇന്ധനം ലഭ്യമല്ലാതെ രക്ഷാപ്രവർത്തനം മുടങ്ങുന്ന നിലയുണ്ടായി.

ഒരേസമയം എത്ര മത്സ്യത്തൊഴിലാളികൾ, ഹെലികോപ്ടറുകൾ, ബോട്ടുകൾ, സേനാവിഭാഗങ്ങൾ തുടങ്ങിയവയുടെ സേവനം രക്ഷാപ്രവർത്തനങ്ങൾക്കുണ്ടെന്ന് ഇപ്പോഴും ജില്ലാ ഭരണകൂടങ്ങൾക്കു വ്യക്തമായ വിവരം ലഭ്യമായിട്ടില്ല.

ഇത്തരം കാര്യങ്ങൾ ജില്ലാ അതിർത്തി നോക്കാതെ കൃത്യമായി ഏകോപിപ്പിക്കുകയും സഹായം വേണ്ട കേന്ദ്രങ്ങളിൽ ഇവയെല്ലാം വേണ്ടതുപോലെ വിന്യസിക്കുകയും ചെയ്യാൻ കഴിയാതെപോയി.